# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കാർഷികാധിഷ്ഠിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

7439 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷികാധിഷ്ഠിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കാർഷിക മേഖലയിൽ വരുമാന ഭദ്രതയ്ക്ക് ബിസിനസ് സംരംഭങ്ങളുടെ ആവശ്യകത എത്രത്തോളമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൂല്യവർധിത ഉൽപന്നങ്ങളിലൂടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനും കാർഷിക മേഖലയിൽ നൂതന ബിസിനസ് സംരംഭങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>ജൈവ കൃഷിയുടെ വ്യാപനം</u>

7440 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയുടെ വ്യാപനം സംബന്ധിച്ച് സർക്കാരിന്റെ കാഴ്ചപ്പാടെന്താണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിച്ചു ; വ്യക്തമാക്കുമോ ;

(സി) ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**തരിശായി കിടന്നിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ**

7441 **ശ്രീ. പി. സി. ജോർജ്**
**,, എം. വി. ശ്രേയാംസ് കുമാർ**
**,, റോഷി അഗസ്റ്റിൻ**
**ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടന്നിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് ഇപ്രകാരം കൃഷിയിറക്കി എന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ നല്കുമോ;

(സി) കൃഷിക്കു യോഗ്യമല്ലെങ്കിലും എന്നാൽ തരിശായി കിടക്കുന്നതുമായ എത്ര ഹെക്ടർ ഭൂമി സംസ്ഥാനത്ത് ഇനി അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമി മുഴുവൻ കൃഷിയിടമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖലയ്ക്കുവേണ്ടി പരീക്ഷണശാലകളുടെ പ്രവര്‍ത്തന രീതി</u>

7442 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിന്‍കുട്ടി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയ്ക്കുവേണ്ടി ഏര്‍പ്പെടുത്തിയിട്ടുള്ള പരീക്ഷണശാലകളുടെ പ്രവര്‍ത്തനരീതി വിശദമാക്കുമോ;

(ബി) ലാബുകള്‍ പരിഷ്കരിക്കാനുള്ള പദ്ധതികള്‍ പരിഗണനയിലുണ്ടോ;

(സി) ഇവയുടെ സേവനം ചെറുകിട നാമമാത്ര കര്‍ഷകര്‍ക്ക് എളുപ്പത്തില്‍ പ്രാപ്യമാക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കൃഷി വകുപ്പില്‍ കീഴില്‍ പ്രവര്‍ത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം**

7443 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴില്‍ പ്രവര്‍ത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ ; തൃപ്തികരമായ പ്രവര്‍ത്തനമാണോ കാഴ്ച വയ്ക്കുന്നത് ; വിശദാംശങ്ങള്‍ നല്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം വകുപ്പ് തലത്തില്‍ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) ഈ സ്ഥാപനങ്ങളുടെ പ്രവര്‍ത്തന മികവ് ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്യാന്‍ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങള്‍ നല്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ**

**7444** **ശ്രീ. എം. എ. ബേബി**
**,, ബി. സത്യൻ**
**,, കെ. കെ. ജയചന്ദ്രൻ**
**,, കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; ഏറ്റവും ഒടുവിൽ സർക്കാർ തലത്തിൽ അവലോകനം നടത്തിയത് എപ്പോഴാണ്;

(ബി) മിഷന്റെ പ്രവർത്തനലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കുമോ;

(സി) മിഷന് പന്ത്രണ്ടാം പദ്ധതിയിൽ കേന്ദ്രസഹായത്തിന്റെ അനുപാതത്തിൽ കുറവുണ്ടായിട്ടുണ്ടോ;

(ഡി) ഗവേഷണരംഗത്ത് മിഷന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ എന്താണ്?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നാളികേരത്തിൽ നിന്നുള്ള ഉല്പന്നങ്ങൾ**

**7445** ഡോ. തോമസ് ഐസക്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ചന്ദ്രൻ
,, പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വില ഇടിയുമ്പോഴും കോർപ്പറേറ്റുകൾ നാളികേരത്തിൽ നിന്നുള്ള പലവിധ ഉല്പന്നങ്ങൾ നിർമ്മിച്ച് അമിത ലാഭം കൊയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ഈ മേഖലയിലുള്ള സർക്കാർ ഏജൻസികൾ മുഖേന ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ നിലയ്ക്ക് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### കൃഷിഫാമുകളുടെ നവീകരണം

7446 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഫാമുകളുടെ പ്രവർത്തനം നവീകരിക്കാനും, അവ നവീനകാർഷിക പ്രചരണ കേന്ദ്രങ്ങളാക്കി മാറ്റാനും ഉദ്ദേശിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഫാമുകളുടെ വാണിജ്യപരമായ പ്രവർത്തനം ലക്ഷ്യമിട്ട് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ഇതോടനുബന്ധിച്ച് വിത്തുല്പാദനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കോൾ വികസന കൗൺസിൽ**

7447 ശ്രീ. വി.ഡി. സതീശൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കോൾ വികസന കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ കൗൺസിലിന്റെ പ്രവർത്തനരീതിയും കർത്തവ്യങ്ങളും എന്തൊക്കെയാണ്;

(സി) കൗൺസിലിന്റെ ഘടന എങ്ങനെയാണ്; വിശദമാക്കുമോ;

(ഡി) എന്തൊക്കെ പ്രവർത്തനങ്ങളാണ് കൗൺസിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന്
നഷ്ടപരിഹാരം</u>

7448 ശ്രീ. ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കൃഷിനഷ്ടങ്ങൾക്കാണ് ഇത് ബാധകമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഇതിനുള്ള പ്രാബല്യം എന്ന് മുതൽക്കാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>കിസാൻശ്രീ സുരക്ഷാ പദ്ധതി</u>

7449 ശ്രീ. മുല്ലക്കര രത്നാകരൻ
'' ചിറ്റയം ഗോപകുമാർ
'' കെ. അജിത്
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിസാൻശ്രീ സുരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ് ; ഈ പദ്ധതിയിൽ ഇപ്പോൾ എത്ര കർഷകരും കുടുംബങ്ങളും അംഗങ്ങളായിട്ടുണ്ട് ; ഈ പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ എത്ര കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു ; കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ പദ്ധതി വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കൃഷിവകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>**

**7450**

**ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അടൂർ മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;**

(ബി) **പ്രസ്തുത പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള നിലവിലുള്ള സ്ഥിതി അറിയിക്കുമോ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**വേനൽമഴയിലെ കൃഷിനാശം**

**7451**

**ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് വേനൽമഴയിൽ എത്ര രൂപയുടെ കൃഷി നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു;**

(ബി) **കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ നഷ്ടപരിഹാരം എന്നു നൽകാനാവുമെന്നു വെളിപ്പെടുത്തുമോ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കൃഷി വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

7452 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുളളത് ;

(ബി) ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഈ സ്ഥാപനങ്ങളുടെ പുനഃരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കൃഷിവകുപ്പിന്റെ കീഴിലുള്ള കർഷക ഭവൻ**

**7453 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ ആരംഭിച്ച 'കർഷക ഭവൻ' കർഷകർക്ക് താമസത്തിനായി തുറന്നുകൊടുക്കാൻ തുടങ്ങിയോ; എന്തു തുകയാണ് വാടക ഈടാക്കുന്നത്;

(ബി) 2011 മേയ് മാസം മുതൽ 2012 ജൂൺ വരെ എത്രപേർ ഈ സൗകര്യം പ്രയോജനപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**നെല്‍കൃഷിക്കുള്ള സബ്സിഡികള്‍**

7454 **ശ്രീ. കെ. ശിവദാസന്‍ നായര്‍**
**,, അന്‍വര്‍ സാദത്ത്**
**,, ഡൊമിനിക് പ്രസന്റേഷന്‍**
**,, കെ. മുരളീധരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) **നെല്‍കൃഷിക്കുള്ള സബ്സിഡികള്‍ കര്‍ഷകര്‍ക്ക് നേരിട്ട് നല്‍കുന്നതിനുള്ള സംവിധാനം എന്തൊക്കെയാണ്;**

(ബി) **ഇത്തരമൊരു സംവിധാനം ഏര്‍പ്പെടുത്തുന്നതു വഴി കര്‍ഷകര്‍ക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കാര്‍ഷിക വിളകളുടെ സംഭരണ വില ഉയര്‍ത്തുന്നതിന് നടപടി**

**7455 ശ്രീ. എ.കെ. ശശീന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) രാസവളങ്ങളുടെ വിലവര്‍ദ്ധനവുമൂലം സംസ്ഥാനത്തെ കര്‍ഷകര്‍ അനുഭവിക്കുന്ന ബുദ്ധിമുട്ട് കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) രാസവള വിലവര്‍ദ്ധനവ് അടക്കം കൃഷിച്ചെലവിലുണ്ടായ വര്‍ദ്ധനവ് കണക്കിലെടുത്ത് എല്ലാ കാര്‍ഷിക വിളകള്‍ക്കും സംഭരണവില പുതുക്കി നിശ്ചയിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>നെല്ലിന്റെ സംഭരണവില</u>

7456 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

രാസവളത്തിന്റെ വിലവർദ്ധനവ്, യന്ത്രവാടകയിലുള്ള വർദ്ധനവ്, കൂലിയിലുള്ള വർദ്ധനവ് തുടങ്ങിയ ഘടകങ്ങളെല്ലാം പരിഗണിച്ച് നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### നെൽകൃഷി വികസനത്തിന് കേന്ദ്ര സഹായത്തിലുള്ള കുറവ്

7457

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നെൽകൃഷി വികസനത്തിന് കേന്ദ്ര സർക്കാർ നല്കുന്ന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരമുള്ള ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നെൽകൃഷിക്ക് അനുകൂല സാഹചര്യങ്ങൾ**

7458 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിക്ക് അനുകൂല സാഹചര്യങ്ങൾ ഉള്ളതും, ഉൽപ്പാദന വർധനവിന് സാധ്യതയുള്ളതുമായ സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള നെല്ലുല്പാദനം എത്രയാണ്; അത് എത്രയായി വർധിപ്പിക്കാൻ കഴിയും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) 2012-13 വർഷത്തിൽ ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നത്; അത് പര്യാപ്തമാണോ; അല്ലെങ്കിൽ വർധിപ്പിക്കുമോ; എങ്കിൽ എത്രയായി വർധിപ്പിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**നെൽകൃഷി വികസിപ്പിക്കാനും നെൽവയൽ സംരക്ഷിക്കാനും പദ്ധതികൾ**

**7459 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കാർഷിക വിളയായ നെൽകൃഷി വികസിപ്പിക്കാനും നെൽവയൽ സംരക്ഷിക്കാനും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നെൽവയൽ വലിയ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കരനെൽകൃഷി പ്രോത്സാഹിപ്പിക്കാനും വികസിപ്പിക്കാനും നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; എതെല്ലാം മണ്ഡലങ്ങളിൽ നടപ്പിലാക്കി; വിശദമാക്കുമോ; എത്ര രൂപ സർക്കാർ വകയിരുത്തി; എത്ര ചെലവഴിച്ചു; വിശദമാക്കുമോ; നിറവ് പദ്ധതിയിൽ ഈ മേഖലയ്ക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) നെല്ലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും ഉപദേശവും നൽകുന്ന എന്തെല്ലാം സംവിധാനങ്ങളും ഏതെല്ലാം സ്ഥാപനങ്ങളുമാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) നെൽകൃഷി വികസനത്തിന് പ്രത്യേക ഊന്നൽ നൽകി സംസ്ഥാനത്ത് ഒരു 'പാഡി ബോർഡ്'-ന് രൂപം നൽകാൻ തയ്യാറാകുമോ;

(ഇ) പരീക്ഷണാടിസ്ഥാനത്തിൽ ജനിതക മാറ്റം വരുത്തിയ നെൽകൃഷി നടത്തുന്നതിന് ഏതെങ്കിലും കമ്പനിയ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് ''ജി. എം. ഫ്രീ സ്റ്റേറ്റ്'' ആയി പ്രഖ്യാപിച്ചിരുന്നുവോ; മുൻ സർക്കാർ സ്വീകരിച്ച പ്രസ്തുത നടപടി അതേ നിലയിൽ തുടരാൻ തയ്യാറാകുമോ; നിലപാട് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കൊല്ലം ജില്ലയിൽ നെല്ല് സംഭരണം</u>**

**7460**

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മുൻ സർക്കാരിന്റെ അവസാന വർഷം കൊല്ലം ജില്ലയിൽ നിന്നും എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും, അതിലേയ്ക്കായി ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;**

(ബി) **ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊല്ലം ജില്ലയിൽ നിന്നും നാളിതുവരെ എത്ര ടൺ നെല്ല് സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; മുൻകാലങ്ങളെ അപേക്ഷിച്ച് സംഭരണച്ചുമതലയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;**

(സി) **നെല്ല് സംഭരിക്കുന്നതിന് ഏറെ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിയെന്ത്;**

(ഡി) **ജില്ലയിൽ നെല്ല് സംഭരണം നടത്തിയ വകയിൽ ഇനി എത്ര രൂപാ കൃഷിക്കാർക്ക് നൽകുവാനുണ്ട്; പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?**

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**തെങ്ങ് കൃഷി**

**7461 ശ്രീ. ഇ. ചന്ദ്രശേഖരൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് തെങ്ങ്കൃഷി നിലവിലുള്ളത്; കൃഷിയുടെ വിസ്തീർണ്ണം കുറയുകയാണോ, കൂടുകയാണോ ചെയ്യുന്നതെന്നും പ്രതിവർഷം എത്ര ശതമാനം വ്യത്യാസം ഉണ്ടാകുന്നെന്നും അറിയിക്കാമോ;**

(ബി) **തെങ്ങിൻകള്ള് ഉപയോഗിച്ച് മറ്റ് പാനീയങ്ങൾ ഉണ്ടാക്കുന്ന സാങ്കേതിക വിദ്യ സംസ്ഥാനത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ടോ;**

(സി) **എങ്കിൽ ഇത് വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?**

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**സമഗ്ര നാളികേര വികസന പദ്ധതി**

**7462 ശ്രീ. ജോസഫ് വാഴക്കൻ**
**,, വർക്കല കഹാർ**
**,, സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത് ;**

(ബി) **ഇതിനായി സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;**

(സി) **നാളികേര മൂല്യവർദ്ധിത ഉൽപ്പന്നം നിർമ്മിക്കുന്ന സംരംഭകർക്ക് സഹായം നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?**

**കേരള നിയമസഭ**

**17.07.2012 -ലെ മറുപടിക്ക്**

**<u>കൊപ്ര സംഭരണ ശാലകളിലെ ഗുണമേന്മ പരിശോധിക്കുന്നതിന് സംവിധാനം</u>**

**7463 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**
**,, സണ്ണി ജോസഫ്**
**,, പി. എ. മാധവന്‍**
**,, ബെന്നി ബെഹനാന്‍**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

**(എ) സംസ്ഥാനത്തെ കൊപ്ര സംഭരണ ശാലകളില്‍ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവില്‍ എന്തെല്ലാം സംവിധാനങ്ങളുണ്ട് ;**

**(ബി) ഗുണ മേന്മ വര്‍ദ്ധിപ്പിക്കുന്നതിന് സ്പോട്ട് വെരിഫിക്കേഷന്‍ സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;**

**(സി) ഏതെല്ലാം ഏജന്‍സികളെ ആണ് ഈ സംവിധാനത്തില്‍ പങ്കാളികളാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**"വിത്തുതേങ്ങ" സംഭരണം**

7464 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "വിത്തുതേങ്ങ" സംഭരിക്കുന്നത് ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണെന്നും, ഈ വർഷം എത്ര എണ്ണം സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) കേരകർഷകർക്ക് നിലവിൽ എത്ര രൂപയാണ് ഒരു വിത്തുതേങ്ങയ്ക്ക് വിലയായി ലഭിക്കുന്നത് ;

(സി) നാദാപുരം കുറ്റ്യാടി മണ്ഡലത്തിൽ നിന്ന് ഈ വർഷം കേരകർഷകരിൽനിന്നും എത്ര വിത്തുതേങ്ങ സംഭരിച്ചിട്ടുണ്ടെന്നും വിലയായി എത്ര രൂപ നൽകാനുണ്ടെന്നും പേര് സഹിതം പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ഡി) വിത്തുതേങ്ങയുടെ വില സമയാസമയങ്ങളിൽ കേരകർഷകർക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ചിറയിൻകീഴ് മണ്ഡലത്തിലെ തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി**

7465 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കിയ പരിപാടികൾ വിശദീകരിക്കാമോ; ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ ഏതെല്ലാം ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>കാർഷിക പുരോഗതിയ്ക്കും കർഷകരെ സഹായിക്കുന്നതിനുമുള്ള പദ്ധതി</u>**

**7466 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് കാർഷിക പുരോഗതിയ്ക്കും കർഷകരെ സഹായിക്കുന്നതിനുമായിട്ടുള്ള എന്തൊക്കെ പദ്ധതികളാണ് തൃശ്ശൂർ ജില്ല - ചൊവന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനു കീഴിൽ നടപ്പിലാക്കിവരുന്നത്;

(ബി) 2012-2013 സാമ്പത്തിക വർഷത്തിൽ ഇതിലുടെ എത്ര രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>വീട്ടിൽ ഒരു മാവ് പദ്ധതി</u>

7467 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച 'വീട്ടിൽ ഒരു മാവ്' എന്ന പദ്ധതിയുടെ പുരോഗതി എന്തെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിനായി കേരളത്തിലാകെ എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട് ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മാവിൻ തൈകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതി അനുസരിച്ച് ഏതൊക്കെ ഇനത്തിൽപ്പെട്ട മാവുകളെയാണ് തെരഞ്ഞെടുത്തിട്ടുളളത് ;

(ഇ) തൈകളുടെ വിതരണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പേരാമ്പ്ര മണ്ഡലത്തിലെ 'വീട്ടിൽ ഒരു മാവ്' പദ്ധതി</u>

7468 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന ആരംഭിച്ച 'വീട്ടിൽ ഒരു മാവ്' പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ എത്ര മാവിൻ തൈ വിതരണം ചെയ്തു എന്നു വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിൽ എത്രയെണ്ണം വീതം വിതരണം ചെയ്തു എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) ഇതിന് മൊത്തം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും ഏത് ഏജൻസിയെയാണ് ഇവ വിതരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുളളത് എന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>'നിറവ്' പദ്ധതിയുടെ പ്രവര്‍ത്തനം</u>**

**7469** **ശ്രീ. എ.എ. അസീസ്**
**,, കോവൂര്‍ കുഞ്ഞുമോന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തില്‍ 'നിറവ്' എന്ന പദ്ധതി എവിടങ്ങളിലൊക്കെയാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(സി) ഏതൊക്കെ വകുപ്പുകളാണ് ഈ പദ്ധതിയില്‍ സഹകരിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ സംഘാടന കമ്മിറ്റിയുടെ ഘടന വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**'നിറവ്' പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും തസ്തികകൾ**

**7470 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ അവതാളത്തിലാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് 'നിറവ്' പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഹോർട്ടികൾച്ചറൽ മിഷൻ പദ്ധതികൾ**

7471 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചറൽ മിഷൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഹോൾട്ടികൾച്ചറൽ മിഷൻവഴി പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### ഉത്തേജന പലിശ ഇളവ് പദ്ധതി

7472 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പ എടുത്ത കാർഷകരെ സഹായിക്കാനുള്ള ഉത്തേജന പലിശ ഇളവ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരമുള്ള ധനസഹായം കർഷകർക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**'കിസാൻ അഭിയാൻ' പദ്ധതി**

7473 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു
മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'കിസാൻ അഭിയാൻ' പദ്ധതിയനുസരിച്ച് എത്ര പേർക്കാണ് പെൻഷൻ നൽകിയിരുന്നതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കൃഷിക്കാർക്ക് തുടർപെൻഷൻ ലഭിക്കുമോ ;

(സി) പുതിയ പദ്ധതി എന്നാണ് നിലവിൽ വരുന്നത് ;

(ഡി) രണ്ട് പദ്ധതികളും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>ചെറുകിട കർഷകർക്ക് പെൻഷൻ നൽകാനുള്ള മാനദണ്ഡങ്ങൾ</u>**

**7474 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട കർഷകർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര കർഷകർക്ക് പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### രാസവള സബ്സിഡി

7475 ശ്രീ. എം.പി. വിൻസെന്റ്
'' സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാസവള സബ്സിഡി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ഏത് ഏജൻസി വഴിയാണ് സബ്സിഡി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കൃഷിക്കാർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കാര്‍ഷിക തൊഴില്‍ സേവന കേന്ദ്രങ്ങള്‍**

7476 ശ്രീ. വി. പി. സജീന്ദ്രന്‍
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷിക തൊഴില്‍ സേവന കേന്ദ്രങ്ങള്‍ തുടങ്ങാന്‍ ആലോചിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതികളും വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തില്‍ എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>അഗ്രിമാൾ ആരംഭിക്കുവാൻ നടപടി</u>**

**7477** **ശ്രീ. എം. എ. വാഹീദ്**
**,, കെ. ശിവദാസൻ നായർ**
**,, പി. എ. മാധവൻ**
**,, റ്റി. എൻ. പ്രതാപൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്ത് അഗ്രിമാൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;**

(ബി) **ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെ യാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;**

(സി) **എവിടെയൊക്കെയാണ് അഗ്രിമാളുകൾ സ്ഥാപിക്കാനുദ്ദേശി ക്കുന്നത് ; വിശദമാക്കുമോ ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കാർഷിക പെൻഷൻ**

**7478 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷകർക്ക് കാർഷിക പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുളള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കർഷക പെൻഷൻ ഇനത്തിൽ എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) ഈ പദ്ധതിയിൽ അംഗമായിട്ടുളളവരുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കുന്നംകുളം നിയോജക മണ്ഡലത്തിലെ കർഷകർക്ക് കർഷക പെൻഷൻ</u>**

**7479 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുവേണ്ടി നടപ്പിലാക്കുന്ന പെൻഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) എത്ര കർഷകർക്ക് ഇതേവരെ സംസ്ഥാനത്ത് പെൻഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്;

(സി) കുന്നംകുളം നിയോജക മണ്ഡലത്തിലെ കാട്ടകാമ്പാൽ, പോർകുളം, കടവല്ലൂർ, കടങ്ങോട്, എരുമപ്പെട്ടി, വേലൂർ, ചൊവ്വന്നൂർ, ആർത്താറ്റ് എന്നീ കൃഷിഭവനുകളിലായി എത്ര അപേക്ഷകളാണ് കർഷക പെൻഷനു വേണ്ടി ഇതേവരെ ലഭിച്ചിട്ടുള്ളത്; ഇപ്രകാരം എത്രപേർക്ക് പെൻഷൻ അനുവദിച്ചു നൽകി; ഓരോ കൃഷിഭവനും കീഴിലുള്ളവരുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>കാര്‍ഷികവൃത്തിക്കായുള്ള ലഘുയന്ത്രങ്ങളുടെ വാടക</u>**

**7480 ശ്രീ. കെ.വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷികവൃത്തിക്കായുള്ള ലഘു യന്ത്രങ്ങളുടെ വാടക ഗണ്യമായ തോതില്‍ വര്‍ദ്ധിച്ചിട്ടുള്ള സാഹചര്യത്തില്‍ പ്രസ്തുത കാര്‍ഷിക യന്ത്ര സാമഗ്രികള്‍ ലഘുവായ വാടകയ്ക്ക് കൃഷി ഭവനിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കില്‍ ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**'കിസാൻ പാസ് ബുക്കി'ന്റെ ഉറപ്പിന്മേൽ ബാങ്കുകളിൽ നിന്നും വായ്പ**

**7481 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'കിസാൻ പാസ് ബുക്കി'ന്റെ ഉറപ്പിന്മേൽ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി എന്ന് മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>മരച്ചീനി കർഷകർ നേരിടുന്ന പ്രതിസന്ധികൾ</u>

**7482** **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരച്ചീനി കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരച്ചീനി കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഉൽപ്പന്ന വിലയിടിവ് മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>രാസവളങ്ങളുടെ വില വര്‍ദ്ധന</u>**

**7483 ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം രാസവളങ്ങളുടെ വില എത്ര പ്രാവശ്യം വര്‍ദ്ധിച്ചു; വിശദാംശം നല്‍കുമോ;

(ബി) രാസവളങ്ങളുടെ ലഭ്യതകുറവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വളങ്ങള്‍ മതിയായ തോതില്‍ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) കേരളത്തിലെ കര്‍ഷകര്‍ക്ക് സംസ്ഥാന സര്‍ക്കാര്‍ രാസവളത്തിന് സബ്സിഡി നല്‍കുന്നുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കര്‍ഷകരുടെ വ്യക്തിവിവര ശേഖരണം</u>**

**7484 ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **പദ്ധതി ആനുകൂല്യങ്ങള്‍ അര്‍ഹരായ കര്‍ഷകരിലേയ്ക്ക് കൃത്യമായി എത്തുന്നില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;**

(ബി) **ഇത് സംബന്ധിച്ച് ഇപ്പോള്‍ കൃഷി വകുപ്പ് നടത്തുന്ന കര്‍ഷകരുടെ വ്യക്തിവിവരശേഖരണം സമയബന്ധിതമായി പൂര്‍ത്തിയാക്കുമോ ;**

(സി) **എങ്കില്‍ പ്രസ്തുത കണക്കെടുപ്പ് നടപടികള്‍ എന്ന് പൂര്‍ത്തിയാക്കുമെന്നറിയിക്കുമോ ;**

(ഡി) **പ്രസ്തുത സര്‍വ്വേയില്‍ നിശ്ചയിക്കപ്പെട്ടിട്ടുളള മാനദണ്ഡങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളം**

7485

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളമുണ്ടാക്കുവാൻ ഉളള ഉപകരണങ്ങളും, സബ്സിഡിയും കൃഷി ഭവനുകൾവഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

കേരള നിയമസഭ

17.07.2012 -ലെ മറുപടിക്ക്

<u>പ്രവര്‍ത്തനക്ഷമമല്ലാത്ത കാര്‍ഷിക വികസന പദ്ധതികള്‍</u>

7486 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)
'' കെ. കെ. നാരായണന്‍
'' ബി. ഡി. ദേവസ്സി
'' സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക വികസനത്തിനായുള്ള പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി സംസ്ഥാനത്ത് സ്ഥാപിതമായ സംവിധാനങ്ങളില്‍ ഇപ്പോള്‍ പ്രവര്‍ത്തനക്ഷമമല്ലാത്തവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയെ പ്രവര്‍ത്തനക്ഷമമാക്കുന്നതിനോ, നിലവിലുള്ള പദ്ധതികളുടെ ഭാഗമാക്കി മാറ്റുന്നതിനോ സര്‍ക്കാരിന് ഉദ്ദേശമുണ്ടോ ; എങ്കില്‍ ഏതെല്ലാം കാര്യത്തിലാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**വയലുകൾ വ്യാപകമായി നികത്തുന്നത് തടയാൻ നടപടി**

7487

**ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ലും മറ്റു വിളകളും കൃഷി ചെയ്തിരുന്ന വയലുകൾ വ്യാപകമായി നികത്തുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി ഭൂമി നികത്തി ഹരിതപ്രതീക്ഷയെ തകർക്കുന്ന ഇടനിലക്കാരെ നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ;

(സി) കൃഷിഭൂമി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുമോ;

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പാഡി ബോർഡ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷകൾ**

**7488 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷനു മുന്നിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ അപേക്ഷകളിൽ എത്ര എണ്ണത്തിൽ ഇതിനകം തീർപ്പു കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കാർഷിക കടാശ്വാസ കമ്മീഷനിൽ ലഭിച്ച അപേക്ഷ**

**7489** **ശ്രീ. ജോസ് തെറ്റയിൽ**
**,, സി. കെ. നാണു**
**,, മാത്യു. റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാർഷിക കടാശ്വാസ കമ്മീഷനിൽ എത്ര അപേക്ഷ ലഭിച്ചു എന്ന് വിശദമാക്കുമോ;**

(ബി) **ഇതിൽ എത്ര അപേക്ഷകൾ തീർപ്പായി എന്ന് വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>ഗ്രാമങ്ങളിലെ ടെറസ്സ് കൃഷി വ്യാപനം</u>

7490

**ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടെറസ്സ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ സർക്കാരിനുള്ള പദ്ധതികളും ആയവയുടെ വിശദാംശവും അറിയിക്കുമോ;

(ബി) നഗരേതര മേഖലകളിൽ ടെറസ്സ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ഉള്ളത്;

(സി) ഇല്ലായെങ്കിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പച്ചക്കറി വില വര്‍ദ്ധന നിയന്ത്രിക്കുന്നതിന് നടപടി</u>

7491 **ശ്രീ. എം. ചന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പച്ചക്കറി വില നിയന്ത്രിച്ചു നിര്‍ത്തുവാന്‍ സാധിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ;

(ബി) പച്ചക്കറി വില നിയന്ത്രിച്ചു നിര്‍ത്തുവാന്‍ എന്തെങ്കിലും തരത്തിലുള്ള സബ്സിഡി നല്‍കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

### പച്ചക്കറി ഉല്പാദനം

7492 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം പ്രതിവർഷം എത്ര ടൺ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്; സംസ്ഥാനത്ത് ആവശ്യമുള്ള പച്ചക്കറി പ്രതിവർഷം എത്ര ടൺ ആണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ പുറമ്പോക്കുകൾ, സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടുകൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഭൂരഹിതരായ കർഷകർക്ക് ഈ സ്ഥലങ്ങളിൽ ഹ്രസ്വ കാലത്തേക്ക് പച്ചക്കറി കൃഷിക്കായി സ്ഥലം പാട്ടത്തിന് നൽകുമോ;

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പൊതു സ്ഥലങ്ങളിൽ വിത്തു വിതരണ യന്ത്രങ്ങൾ**

7493 ശ്രീ. വി.എസ്. സുനിൽകുമാർ
'' ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങളിൽ വിത്തു വിതരണ യന്ത്രങ്ങൾ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനകം എത്ര ഇടങ്ങളിൽ യന്ത്രങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ഇനങ്ങളിൽപ്പെട്ട വിത്തുകളാണ് ഇവയിലൂടെ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>സീഡ് ഫാമുകളിൽ പ്രവർത്തനം വിപുലപ്പെടുത്തൽ</u>**

**7494 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലുളള പന്തളം കരിമ്പിൻ വിത്ത് ഉല്പാദനകേന്ദ്രം, അടൂർ സീഡ് ഫാം എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫാമുകളിൽ ഫലവൃക്ഷത്തൈകളും തെങ്ങിൻ തൈകളും അലങ്കാരച്ചെടികളും മറ്റും ഉല്പാദിപ്പിച്ച് കർഷകർക്ക് നല്ലയിനം കാർഷിക വിത്തുകൾ ന്യായവിലയ്ക്ക് യഥാസമയം നൽകുന്നതിനുളള എല്ലാ സൗകര്യങ്ങളും നിലനിൽക്കുന്നത് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ</u>**

**7495 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ നടത്തിപ്പിനായുള്ള കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ മാസത്തിലൊരിക്കലെങ്കിലും വിളിച്ചുകൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പാക്കേജിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നതിന് പ്രോസ്പിരിറ്റി കൗൺസിൽ കൂടുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ കൃഷി</u>**

**7496 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഏതെല്ലാം കൃഷിഭവന്റെ കീഴിലുള്ള ഏതൊക്കെ പാടശേഖരങ്ങളിലെ കൃഷി കഴിഞ്ഞ വേനൽ മഴയിൽ നശിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) എത്ര ഹെക്ടർ പാടശേഖരത്തിലെ കൃഷി നശിച്ചുവെന്നും ആയതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**<u>വയനാട്ടിൽ രജിസ്റ്റർ ചെയ്ത കർഷകർ</u>**

**7497 ശ്രീ. എം.വി ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് രജിസ്ട്രേഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്ത എത്ര കർഷകരാണ് വയനാട്ടിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത കർഷകരുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ**

**7498** **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിനു കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉളളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികയും നിലവിലുളള ഒഴിവുകളും സ്ഥാപനം തിരിച്ച് വിശദമാക്കുമോ;

(സി) ഒഴിവുകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കൊണ്ടോട്ടി മണ്ഡലത്തിലെ കൃഷിഭവനുകൾ കേന്ദ്രീകരിച്ചുള്ള കാർഷിക വികസന പദ്ധതികൾ**

7499 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ കൊണ്ടോട്ടി, നെടിയിരുപ്പ്, പുളിക്കൽ, ചെറുകാവ്, വാഴയൂർ, വാഴക്കാട്, ചീക്കോട്, മുതുവല്ലൂർ എന്നീ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് 2011-12 വർഷത്തിൽ കാർഷിക പുരോഗതി ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ ഇവിടെ കർഷകർക്ക് എന്തെല്ലാം സഹായം നൽകിയെന്നും, കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി എത്ര തുകയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചുവെന്നും, അതിൽ എത്ര രൂപ അനുവദിക്കപ്പെട്ടുവെന്നും ഓരോ കൃഷിഭവനും കേന്ദ്രീകരിച്ച് പ്രത്യേകം കണക്കുകൾ ലഭ്യമാക്കുമോ;

(സി) കൃഷിയോഗ്യമല്ലാത്തതോ, കൃഷിയിറക്കാത്തതോ ആയ ഭൂമിയിൽ കൃഷിയിറക്കുന്നതിന് ഇവിടെ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കൃഷി വകുപ്പ് യഥാസമയം നടപ്പാക്കുന്ന പദ്ധതികൾക്ക് പുറമേ ഓരോ പ്രദേശത്തിന്റെയും തനതായ കാർഷിക രീതികൾ മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) രാഷ്ട്രീയ കൃഷി വികാസ് യോജന പോലുള്ള കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഏതെങ്കിലും സ്കീമുകൾക്ക് അനുയോജ്യമായ ഏതെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കാർഷികമേഖലയായ ഈ മണ്ഡലത്തിലെ കാർഷിക രംഗത്തെ പുരോഗതി ലക്ഷ്യമാക്കി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് ഓരോ കൃഷിഭവനും കേന്ദ്രീകരിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ തസ്തികകൾ**

7500

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തികകൾ ജീവനക്കാരെ നിയമിക്കാതെഒഴിവായിക്കിടക്കുന്നുണ്ട്; ഇതിൽ എത്രയും പെട്ടെന്ന്ജീവനക്കാരെ നിയമിക്കുവാൻ സന്നദ്ധമാകുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ഏതു വർഷംവരെ സർവീസുള്ള ജീവനക്കാരെയാണ് അവസാന നിയമനത്തിൽ പരിഗണിച്ചിട്ടുള്ളത്;

(സി) അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും, എ.എഫ്.ഒ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ പരിഗണിക്കുന്നവരുടെ പട്ടിക പ്രസ്തുത വകുപ്പിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**വെച്ചൂർ മോഡേൺറൈസ് മിൽ**

**7501 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെച്ചൂർ മോഡേൺറൈസ് മില്ലിൽ ഇതുവരെ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) വെച്ചൂർ റൈസ് മില്ലിൽ സംഭരിച്ച നെല്ല് കെട്ടികിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വെച്ചൂർ മോഡേൺ റൈസ് മില്ലിൽ സംഭരിച്ച നെല്ല് സംസ്കരിക്കാനാകാതെ ഉപയോഗശൂന്യമായ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഡി) വെച്ചൂർ റൈസ് മില്ലിൽ സംസ്കരിക്കുന്ന നെല്ല് സ്വകാര്യ മില്ലുകൾ ഉത്പാദിപ്പിക്കുന്ന അരിയിൽനിന്നും വില കുറച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പഞ്ചായത്ത് തലത്തിൽ പദ്ധതികൾ**

7502 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പഞ്ചായത്ത് തലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും ഇനിയും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ</u>

7503

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനു കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളും നിലവിൽ ഒഴിവുള്ള തസ്തികകളും സ്ഥാപനം തിരിച്ച് വിശദമാക്കാമോ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഹൈടെക് ഫാമിംഗ് പദ്ധതി**

**7504 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൈടെക് ഫാമിംഗ് പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; ഈ പദ്ധതി എപ്പോൾ മുതലാണ് പ്രാബല്യത്തിൽ വരുന്നത് ;

(ബി) ഈ പദ്ധതിപ്രകാരം ആർക്കൊക്കെ എന്തൊക്കെ സാമ്പത്തിക സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഹൈടെക് ഫാമിംഗ് രീതി**

**7505**

**ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് രീതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;**

(ബി) **ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;**

(സി) **പ്രസ്തുത ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ചിറക്കര ഗ്രാമപഞ്ചായത്തിലെ മാലക്കായൽ വികസന പദ്ധതി**

7506 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനകൃഷി വകുപ്പ് കെ.എൽ.ഡി.സി. മുഖേന ചിറക്കര ഗ്രാമപഞ്ചായത്തിലെ മാലക്കായൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി എന്നാണ് ഭരണാനുമതി നൽകിയത് ; എത്ര രൂപയ്ക്കാണ് ഭരണാനുമതി നൽകിയത് ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ; കരാർ കാലാവധി എന്നായിരുന്നു. കാലാവധി അവസാനിച്ചിട്ട് എത്ര വർഷമായി ; നിലവിൽ എത്രത്തോളം പണികൾ നടന്നു ; ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് ശേഷിക്കുന്നത് ;

(സി) പദ്ധതി പ്രവർത്തനം ആരംഭിക്കുമ്പോൾ ഉള്ള കരാറുകാരൻ തന്നെയാണോ ഈ ജോലി ഇപ്പോഴും നടത്തുന്നത് ; ഇല്ലായെങ്കിൽ ആരെന്ന് അറിയിക്കുമോ ; പ്രസ്തുത കരാറുകാരന് എത്ര രൂപയാണ് നൽകിയിട്ടുള്ളത് ; ഇനി എത്ര രൂപ നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ?

(ഡി) ഈ പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയാത്തതിൽ കരാറുകാരന് പങ്കുണ്ടോ; വിശദാംശം അറിയിക്കുമോ ;

(ഇ) പ്രവർത്തി തുടരുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടോ ; എത്രയെണ്ണം ; ഇപ്പോഴത്തെ അവസ്ഥയുടെ വിശദാംശം അറിയിക്കുമോ ;

(എഫ്) ഈ പ്രവർത്തം പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വന്നിട്ടുള്ളതായി ബോദ്ധ്യമുണ്ടോ ; വിവരം വെളിവാക്കുമോ ;

(ജി) എന്നത്തേക്ക് പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ആനകളുടെ പരിരക്ഷയ്ക്കായി ആശുപത്രി**

**7507** **ശ്രീ. ഷാഫി പറമ്പിൽ**
**,, എ. റ്റി. ജോർജ്**
**,, ജോസഫ് വാഴക്കൻ**
**,, സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനകളുടെ പരിരക്ഷയ്ക്കായി ആശുപത്രി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ആശുപത്രി എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ടിന്റെ ചെലവ് എത്രയാണ്?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കടാശ്വാസം**

7508 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്
'' സാജു പോൾ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കടാശ്വാസം അനുവദിക്കാൻ തീരുമാനിച്ചിരുന്നുവോ ; സർക്കാരിന്റെ ഏത് പദ്ധതിയിൽപ്പെടുത്തിയാണ് ഇത്തരത്തിൽ ഒരു തീരുമാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ ;

(ബി) കടാശ്വാസ പദ്ധതിക്ക് എന്ത് തുകയാണ് 2011-12-ൽ വകയിരുത്തിയിരുന്നത് ;

(സി) കടാശ്വാസ പദ്ധതിയെ സംബന്ധിച്ച് വിശദവിവരം നൽകാമോ ; നിർവ്വഹണാധികാരം ആർക്കായിരുന്നു ;

(ഡി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിർവ്വഹണാധികാരി എന്നാണ് അപേക്ഷ ക്ഷണിച്ചത് ;

(ഇ) മൃഗസംരക്ഷണ മേഖലയിലെ എത്ര കർഷകർക്ക് ഈ പദ്ധതികൊണ്ട് ഗുണമുണ്ടായി എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**'കുളമ്പുരോഗ വാക്സിൻ'**

**7509 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഗോരക്ഷാ' പദ്ധതിയിൽ 'കുളമ്പുരോഗ വാക്സിൻ' ധാരണാപത്രപ്രകാരം ഏതാണ് ഉപയോഗിച്ചുവരുന്നത് എന്നും ; ഉൽപ്പാദിപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരും വ്യക്തമാക്കാമോ ;

(ബി) നിലവിൽ വാക്സിൻ സൂക്ഷിക്കുന്നതിന് എല്ലാ മൃഗാശുപത്രികളിലും സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ വാക്സിനേഷനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) വാക്സിനേഷനുശേഷം ഉരുക്കളിൽ പ്രതിരോധ ശക്തി ഉണ്ടോ എന്നറിയാൻ 'സിറം' പരിശോധന നടത്താറുണ്ടോ ; ഇതിന്റെ ചുമതല ആർക്കാണ് ; പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>കുട്ടനാട് പാക്കേജിൽ താറാവുകളെ വിതരണം ചെയ്യുന്നതിന് നടപടി</u>**

7510 **ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിരുന്ന ആട് വിതരണ പദ്ധതി റിവൈസ് ചെയ്ത് താറാവുകളെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പാക്കേജിൽ ഉൾപ്പെടുത്തി കന്നുകാലികളെ വിതരണം ചെയ്ത നടപടിയുടെ നിലവിലത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) കന്നുകാലി വിതരണം മൂലം പാലുത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) കന്നുകാലി വിതരണം സംബന്ധിച്ച് സർവ്വെ നടത്തിയ പദ്ധതി വിജയിച്ചുവോ എന്ന് പരിശോധിക്കുമോ?

# കേരള നിയമസഭ

## 17.07.2012 -ലെ മറുപടിക്ക്

**മൃഗസംരക്ഷണവും കോഴി വളർത്തലും**
**പ്രോൽസാഹിപ്പിക്കാൻ പദ്ധതി**

7511 **ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **മൃഗസംരക്ഷണവും കോഴി വളർത്തലും പ്രോൽസാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾക്ക് രൂപം നൽകി; വിശദമാക്കുമോ;**

(ബി) **മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഗോസുരക്ഷാ പദ്ധതിയുടെ പ്രയോജനം എന്തെല്ലാമെന്ന് വിശദമാക്കുമോ;**

(സി) **നാഷണൽ ഡെയറി പ്ലാൻ നടപ്പിലാക്കിയാൽ കൃത്രിമ ബീജ ദാനത്തിന് നൽകുന്ന സബ്സിഡി മൃഗസംരക്ഷണ വകുപ്പ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ</u>**

**7512**

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ മുട്ട ഉല്പാദനം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്തവർക്ക് കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കോഴിക്കുഞ്ഞുങ്ങളും തീറ്റയും സബ്സിഡിയോടുകൂടി ലഭ്യമാക്കുവാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കെപ്പ്കോ-നഗരപ്രിയ പദ്ധതി**

7513 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെപ്പ്കോ-നഗരപ്രിയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

**'വീട്ടമ്മയ്ക്ക് അരുമക്കോഴി' 'ഗ്രാമം നിറയെ കോഴി പദ്ധതി'**

**7514 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'വീട്ടമ്മയ്ക്ക് അരുമക്കോഴി' 'ഗ്രാമം നിറയെ കോഴി' എന്നീ പദ്ധതികൾ എത്ര ഗ്രാമങ്ങളിലാണ് നടപ്പിലാക്കിയത് ;

(ബി) ഇതിലൂടെ എത്രപേർക്കാണ് പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**മുട്ട ഉൽപാദനം വർദ്ധിപ്പിക്കുവാൻ നടപടി**

7515 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാൻ കൂടുതൽ ഫാമുകൾ എന്ന ആശയം പരിഗണിക്കുന്നുണ്ടോ;

(ബി) ബ്രോയിലർ കോഴി ഫാമുകൾ സംസ്ഥാനത്ത് പുതുതായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>എം. എൽ. എ. മാർക്ക് വളർത്തുമൃഗങ്ങളെ നൽകുന്ന പദ്ധതി</u>

7516 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

എം. എൽ. എ. മാർക്ക് വളർത്തുമൃഗങ്ങളെ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**17.07.2012 -ലെ മറുപടിക്ക്**

<u>**പുന്നപ്ര മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ നിയമനം**</u>

**7517 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര തെക്ക് പഞ്ചായത്ത് മൃഗാശുപത്രിയിൽ സീനിയർ വെറ്ററിനറി സർജന്റെ തസ്തിക എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നു;ഇവിടെ സീനിയർ വെറ്ററിനറി സർജനെ നിയമിക്കുന്നതിനുള്ള തടസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ സീനിയർ വെറ്ററിനറി സർജനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ മൃഗാശുപത്രി നവീകരണം**

**7518 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ മൃഗാശുപത്രി നവീകരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മൃഗാശുപത്രികൾക്കാണ് തുക അനുവദിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം**

7519 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തിക യിലേക്കുള്ള നിയമനത്തിൽ കൃഷി ഓഫീസർമാർക്കും സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ്മാർക്കുമുള്ള പ്രൊമോഷൻ റേഷ്യോ എത്രയാണ്;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ്മാർക്ക് അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഉത്തരവ് നടപ്പാക്കുന്നതിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥനത്തിൽ സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ്മാർക്ക് അസിസ്റ്റന്റ് സോയിൽ കെമിസ്റ്റായി പ്രൊമോഷൻ നൽകുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

7520 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച പെൻഷൻകാരുടെയും ഫാമിലി പെൻഷൻകാരുടെയും മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;**

(ബി) **വിരമിച്ച പല ഉദ്യോഗസ്ഥർക്കും ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ലഭിച്ചിട്ടില്ല എന്നുളളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(സി) **ഇവർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**<u>സ്വകാര്യ മേഖലയിൽ അച്ചടി ജോലികൾ</u>**

**7521 ശ്രീമതി ഇ.എസ്. ബിജിമോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകൾ നിലവിലുള്ളപ്പോൾ സർക്കാരിന്റെ അച്ചടി ജോലികൾ സ്വകാര്യ മേഖലയ്ക്ക് നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എന്തൊക്കെ ജോലികൾ ആണ് നൽകിയിട്ടുള്ളത്;

(ബി) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ചിരുന്ന കേരള സർക്കാർ ലോട്ടറിയുടെ പ്രിന്റിംഗ് അവിടെ നിന്നും മാറ്റാനുള്ള കാരണമെന്ത്;

(സി) സർക്കാർ പ്രസ്സുകളിൽ ഇനിയും ലോട്ടറി ടിക്കറ്റ് അച്ചടിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

<u>അച്ചടി വകുപ്പിൽ അദർ ഡ്യൂട്ടി</u>

**7522**

**ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അച്ചടി വകുപ്പിൽ അദർ ഡ്യൂട്ടി നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം ആർക്കെങ്കിലും അദർ ഡ്യൂട്ടി നിയമനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് ലംഘിച്ചുകൊണ്ട് അദർ ഡ്യൂട്ടി നിയമനം നൽകിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

## സർക്കാർ ഗസറ്റുകൾ എം.എൽ.എ.മാർക്ക് സി.ഡി.യായി നൽകുന്നതിനുള്ള നടപടി

7523 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സർക്കാർ ഗസറ്റുകൾ എം.എൽ.എ.മാർക്ക് സി.ഡി. യായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**കൊല്ലം ഗവൺമെന്റ് പ്രസ്സിൽ പുതിയ തസ്തികകൾ**

**7524 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഗവൺമെന്റ് പ്രസ്സ് പുതിയ കെട്ടിടത്തിൽ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത് ;

(ബി) ഇവിടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 20763/H3/10-നമ്പർ ഫയലിന്മേലുള്ള നടപടികൾ ഇപ്പോൾ ഏതവസ്ഥയിലാണ് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012 -ലെ മറുപടിക്ക്

**ഷൊര്‍ണ്ണൂര്‍ ഗവണ്‍മെന്റ് പ്രസ്സിലെ ജലദൗര്‍ലഭ്യം**

**7525 ശ്രീ. വി. ശിവന്‍കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഷൊര്‍ണ്ണൂര്‍ ഗവണ്‍മെന്റ് പ്രസ്സില്‍ അടിസ്ഥാന ആവശ്യങ്ങള്‍ക്കുപോലും വെള്ളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇക്കാര്യത്തില്‍ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 17.07.2012 -ലെ മറുപടിക്ക്

<u>മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ജൂനിയർ ഫോർമാൻ കെ. മോഹനന്റെ സർവ്വീസ്</u>

7526 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ബൈന്റിംഗ് സെക്ഷനിലെ ജൂനിയർ ഫോർമാൻ കെ. മോഹനൻ ഏത് തസ്തികയിലാണ് സർവ്വീസിൽ പ്രവേശിച്ചത്;

(ബി) സർവ്വീസിൽ പ്രവേശിച്ച തീയതിയിൽ അദ്ദേഹത്തിനുണ്ടായിരുന്നതും സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തപ്പെട്ടതുമായ വിദ്യാഭ്യാസ-പ്രവൃത്തി പരിചയ യോഗ്യതകൾ എന്തൊക്കെയായിരുന്നു;

(സി) അദ്ദേഹം എന്ന് എസ്.എസ്.എൽ.സി. പാസ്സായതായാണ് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്; വർഷം ഏത്; രജിസ്റ്റർ നമ്പർ ഏത്;

(ഡി) ബുക്ക് ബയന്റിംഗ്-ഹയർ പരീക്ഷ എന്ന്, ഏത് രജിസ്റ്റർ നമ്പരിൽ പാസ്സായി എന്നാണ് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്;

(ഇ) മേൽപ്പറഞ്ഞ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ടോ;

(എഫ്) അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ സംശയം പ്രകടിപ്പിച്ചുകൊണ്ട് സർക്കാരിന് ലഭിച്ചിട്ടുള്ള ഏതെങ്കിലും പരാതിയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?